**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

# കുട്ടനാടൻ പാടശേഖരങ്ങളിലെ കുളവാഴ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1109 — 30-09-2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോമസ് ചാണ്ടി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ കൃഷിക്ക് ദോഷകരമായി വരുന്ന കുളവാഴകൾ തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; അല്ലാത്തപക്ഷം ബദൽ മാർഗ്ഗങ്ങളിലൂടെ കുളവാഴ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക 1 ഖണ്ഡിക 4 (3) പ്രകാരം പ്രകടമല്ലാത്തതും, അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കംചെയ്യൽ, കല്ല് നീക്കംചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലായെന്ന് അനുശാസിക്കുന്നു. ഇക്കാരണത്താൽ, പാടശേഖരങ്ങളിലും ജലാശയങ്ങളിലും നിന്നും പായലുകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത് നിയമത്തിന്റെ പട്ടിക 1 ഖണ്ഡിക 4 (3) പ്രകാരം അനുവദനീയമല്ല.<br>ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഏജൻസിയായ ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴ, കോട്ടയം ജില്ലകളിൽ പോള പായൽ ശല്യം ഒഴിവാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതാണ്. |
| (ബി) | കുട്ടനാട്ടിലെ ജലാശയങ്ങളിലും പാടശേഖരങ്ങളിലും നിറഞ്ഞുനിൽക്കുന്ന കുളവാഴകൾ, പോളകൾ എന്നിവ സംസ്കരിച്ച വളമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;കുളവാഴയിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (ബി) | ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ കുട്ടനാട്, വൈക്കം, അമ്പലപ്പുഴ, കണയന്നൂർ, ചേർത്തല താലൂക്കുകളിൽപ്പെട്ട കായലുകളിൽനിന്നും കുളവാഴയും മറ്റ് ജലോപരിതല സസ്യങ്ങളും പോള വാരൽ യന്ത്രം ഉപയോഗിച്ച് നീക്കം ചെയ്യുന്നതിനും സംസ്കരണം നടത്തുന്നതിനും RKVY പദ്ധതിയിൽ ലഭിച്ച 21.29 കോടി രൂപ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കുളവാഴ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിയിൽ ചുവടെ ചേർത്തിട്ടുള്ള 3 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1. കുളവാഴയുടെയും മറ്റ് ജലോപരിതല സസ്യ |

| | | | |
|---|---|---|---|
| | | | ങ്ങളുടെയും യന്ത്ര സഹായത്തോടെയുള്ള നീക്കം ചെയ്യൽ<br>2. കുളവാഴ ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മാണം<br>3. കുളവാഴയിൽ നിന്നുള്ള ബയോഗ്യാസ് നിർമ്മാണം<br>ഇതുപ്രകാരം യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പോള വാരി നീക്കം ചെയ്യൽ ജോലി നിർവ്വഹിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കറാറുകാരന് ടെണ്ടർ ഉറപ്പിച്ച് പോളവാരൽ ജോലി നിർവ്വഹിക്കുകയുമുണ്ടായി. കോട്ടയത്ത് ഒരു ജൈവ വാതക പ്ലാന്റ് സ്ഥാപിക്കുകയും പ്രവർത്തന ക്ഷമമാക്കി കോട്ടയം മുനിസിപ്പാലിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 174 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയുണ്ടായി. 209196.90 ക്യൂബിക് മീറ്റർ പോള 2010-11, 2011-12, 2012-13-ൽ നീക്കം ചെയ്യുകയും 62% പോള 2013-14-ൽ നീക്കം ചെയ്യുകയുമുണ്ടായി. പോളവാരൽ പദ്ധതിയുടെ കാലാവധി 20-06-2014-ന് അവസാനിച്ചു. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ